**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2623** **06-10-2025 - ൽ മറുപടിയ്ക്ക്**

**ബാംബൂ കോർപ്പറേഷനിൽ ഈറ്റയുടെ ദൗർലഭ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ വിവിധ ഡിപ്പോകളിൽ ഈറ്റയുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2024-2025 വർഷത്തിൽ **ബാംബൂ കോർപ്പറേഷന് മലയാറ്റൂർ, റാന്നി, വാഴച്ചാൽ എന്നീ ഡിവിഷനുകളിലായി 9538 Mt ഈറ്റ അനുവദിച്ചതിൽ 660.99 Mt.ശേഖരിച്ചിട്ടുണ്ട്. 2025-26 ൽ വാഴച്ചാൽ ഡിവിഷനിലും മാങ്കുളം ഡിവിഷനിലുമായി 1500 Mt. ഈറ്റ അനുവദിച്ചിട്ടുണ്ട്. അങ്കമാലി ഭാഗത്തേക്ക് ഈറ്റ കുട്ട വട്ടി നെയ്യുന്ന തൊഴിലാളികൾക്കും പനമ്പ് നെയ്ത്ത് തൊഴിലാളികൾക്കുമായി 69 ലോഡ് ഈറ്റ നൽകിയിട്ടുണ്ട്. ഇതിൽ ഒമ്പത് ലോഡ് ഈറ്റ ബാലൻസ് ഉണ്ട്. തിരുവനന്തപുരം ഭാഗത്തേക്ക് 20 ലോഡ് ഈറ്റ നൽകിയിട്ടുള്ളതിൽ രണ്ട് ലോഡ് ഈറ്റ ബാലൻസ് ഉണ്ട്. പത്തനംതിട്ടയിൽ ഈറ്റ കുട്ട, വട്ടി നെയ്യുന്ന തൊഴിലാളികൾക്കും പനമ്പ് നെയ്ത്ത് തൊഴിലാളികൾക്കും കർഷകർക്കുമായി 26ലോഡ് ഈറ്റ നൽകിയിട്ടുണ്ട്.** |
| (ബി) | ബാംബൂ കോർപ്പറേഷൻ തൊഴിലാളികൾക്ക് ലഭിക്കേണ്ട ഡി.എ. കുടിശ്ശിക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | കാർഷിക വ്യാവസായിക മേഖലയിലെ തൊഴിലാളികൾക്കായുള്ള ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ഡിയർനെസ് അലവൻസ് എന്ന പേരിൽ നൽകി വന്നിരുന്ന 149/- രൂപ തുടർന്ന് സർക്കാർ നേരിട്ട് തൊഴിലാളികളിലേക്ക് എത്തിക്കുന്ന പദ്ധതിയാണ് "മുള മേഖലയിലെ തൊഴിലാളികൾക്ക് പ്രോത്സാഹനങ്ങൾ-വിളവെടുപ്പും സംസ്കര ണവും" എന്ന പദ്ധതി. 2024 ഏപ്രിൽ മുതൽ തൊഴിലാളികൾക്ക് ഡി.എ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേനയാണ് നൽകിവരുന്നത്. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും അതിൽ 21 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ വിവിധ ഡിപ്പോകളിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ | (സി) | ആക്ഷേപം ഉന്നയിക്കപ്പെട്ട ഉദ്യോഗസ്ഥനെ ഉടനെ തന്നെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും |

| | | | |
|---|---|---|---|
| | തട്ടിയെടുക്കുകയും ഫണ്ട് തിരിമറി നടത്തുകയും ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | | ടിയാൻ ഉണ്ടാക്കിവച്ച ബാദ്ധ്യത ടിയാന് ലഭിക്കേണ്ട ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ